## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2784** **06/11/2019-ലെ മറുപടിക്ക്**

## <u>അട്ടപ്പാടിയിൽ പുതിയ ഡാം നിർമ്മാണം</u>

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന്<br>ശ്രീ. സി.മമ്മൂട്ടി | | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) അട്ടപ്പാടിയിൽ പുതിയ ഡാം നിർമ്മിക്കാനും വൻകിട ജലസേചന പദ്ധതി നടപ്പാക്കാനും ഉദ്ദേശിക്കുന്നുണ്ടോ; | എ) | അട്ടപ്പാടിയിൽ പുതിയ ഡാം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതൊരു ഇടത്തരം ജലസേചന പദ്ധതിയാണ്. |
| (ബി) പ്രസ്തുത പദ്ധതിക്കായി 458 കോടിയുടെ വിശദമായ പദ്ധതി രേഖ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; | ബി) | പ്രസ്തുത പദ്ധതിയ്ക്കായി 497 കോടി രൂപയുടെ വിശദമായ പദ്ധതി രേഖ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി രേഖ കേന്ദ്ര ജല കമ്മീഷന് സമർപ്പിക്കുന്നതിനുള്ള തയ്യാറെടുപ്പിലാണ്. 51.5 മീ ഉയരവും 450 മീറ്റർ നീളവും മുകളിൽ 8 മീറ്റർ വീതിയുമുള്ള കോൺക്രീറ്റ് ഡാം നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇടത് വലത് കരകളിലൂടെയുള്ള പൈപ്പ് മാർഗ്ഗം 4255 ഹെക്ടർ പ്രദേശത്തെ ജലസേചനം നടത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. മേൽ പറഞ്ഞ കണക്കുകളെല്ലാം സുപ്രീം കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിലാണ് കണക്കാക്കിയിട്ടുള്ളത്. |
| (സി) ഈ പദ്ധതിയുടെ നേട്ടം പ്രധാനമായും ആദിവാസി മേഖലയിലെ കർഷകർക്കാണോ ലഭ്യമാകുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതിയോടൊപ്പം മൈക്രോ ഇറിഗേഷൻ പദ്ധതി കൂടി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | സി) | ഈ പദ്ധതിയുടെ നേട്ടം പ്രധാനമായും ആദിവാസി മേഖലയിലെ കർഷകർക്കാണ്. അട്ടപ്പാടി വാലി പ്രോജക്റ്റിന്റെ ഫലമായി കൃഷിയ്ക്ക് ഉപയുക്തമായ ഭൂമി 1700 ൽ നിന്നും 8739 ഹെക്ടറായി ഉയർത്താൻ കഴിയും. പ്രസ്തുത പദ്ധതിയോടൊപ്പം നിലവിൽ മൈക്രോ ഇറിഗേഷൻ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നില്ല. |

**സെക്ഷൻ ഓഫീസർ**